# പതിനാലാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1295

30.01.2018-ന് മറുപടിയ്ക്ക്

## സ്കൂളുകളെ മികവിന്റെ കേന്ദ്രമായി ഉയർത്തുന്ന പദ്ധതി

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-2018ലെ ബജറ്റിൽ തീരുമാനിച്ചിട്ടുള്ള എത്ര സ്കൂളുകൾക്കാണ് പദ്ധതി പ്രകാരമുള്ള ഭരണാനുമതി നൽകിയിട്ടുള്ളതെന്നും ഇനി എത്ര സ്കൂളുകൾക്ക് ഭരണാനുമതി നൽകാൻ ബാക്കിയുണ്ടെന്നും വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മികവിന്റെ കേന്ദ്രമായി ഉയർത്തുന്നതിന് 2017-18ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 141 സ്കൂളുകളിൽ 138 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തന ങ്ങൾക്ക് ഇതിനോടകം ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദമായ പ്രോജക്ട് റിപ്പോർട്ട് ലഭ്യമാകാത്ത 3 സ്കൂളുകൾക്ക് ഇനിയും ഭരണാനുമതി ലഭ്യമാക്കാനുണ്ട്. |
| (ബി) ഈ പദ്ധതി പ്രകാരം ഭരണാനുമതി നൽകിയ സ്കൂളുകളിൽ ഏതിലെങ്കിലും മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇനി എത്ര സ്കൂളുകളിൽ പ്രവൃത്തി ആരംഭിക്കാനുണ്ടെന്ന് വെളിപ്പെടുത്താമോ; | (ബി) ഇല്ല.<br>പദ്ധതി നിർവ്വഹണത്തിനുള്ള കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ആയത് പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതാണ്. |
| (സി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി ദീർഘനാളുകൾ കഴിഞ്ഞിട്ടും നിരവധി സ്കൂളുകളിൽ | (സി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് |

| | |
|---|---|
| മാസ്റ്റർ പ്ലാൻ പ്രകാരമുള്ള പ്രവൃത്തികൾ ആരംഭിക്കുന്നതിൽ വരുത്തിയിട്ടുള്ള കാലതാമസത്തിന് കാരണമെന്താണ്; പ്രവൃത്തികൾ അടിയന്തരമായി ആരംഭിക്കുമോയെന്ന് വ്യക്തമാക്കുമോ; | തയ്യാറാക്കിയ ശേഷം പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും കിഫ്ബി മുഖേനയുള്ള സർക്കാർ ധനസഹായത്തിനുള്ള അനുമതിയും ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചതിനുശേഷം മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. പദ്ധതി നിർവ്വഹണത്തിനായുള്ള പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി 'വാപ്കോസ്' എന്ന കമ്പനിയെ തെരഞ്ഞെടുക്കുകയും കോൺട്രാക്ടർ തെരഞ്ഞെടുപ്പിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ചുവരികയും ചെയ്യുന്നു. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ഡി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾക്ക് കിഫ്ബിയിൽ വകയിരുത്തിയതു കൂടാതെ 5 കോടിയിൽ അധികരിച്ച തുക എം.എൽ.എ. ഫണ്ടിൽ നിന്നും വകയിരുത്തിയ എത്ര സ്കൂളുകളുണ്ട്; അവ ഏതെല്ലാം നിയോജക മണ്ഡലങ്ങളിൽ ഉൾപ്പെട്ടവയാണെന്ന് വിശദമാക്കുമോ? | (ഡി) മികവിന്റെ കേന്ദ്രം പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾക്ക് കിഫ്ബി വകയിരുത്തിയ തുക കൂടാതെ 5 കോടിയിൽ അധികരിച്ച തുക കണ്ടെത്തുന്നതിന് എം.എൽ.എ. ഫണ്ട് ഉപയോഗിക്കാമെന്ന് ചുവടെ ചേർക്കുന്ന 22 നിയോജക മണ്ഡലങ്ങളിലെ എം.എൽ.എ.മാർ ഉറപ്പുനൽകിയിട്ടുണ്ട്.<br>1. കൊടുവള്ളി<br>2. കണ്ണൂർ<br>3. കുന്നമംഗലം<br>4. ചേർത്തല<br>5. എലത്തൂർ<br>6. തിരുവമ്പാടി<br>7. ചിറയിൻകീഴ്<br>8. മണലൂർ<br>9. കൊടുങ്ങല്ലൂർ<br>10. കൊച്ചി<br>11. കഴക്കൂട്ടം<br>12. നെയ്യാറ്റിൻകര<br>13. മലമ്പുഴ |

14. കൊയിലാണ്ടി
15. പട്ടാമ്പി
16. മൂവാറ്റുപുഴ
17. തൃക്കരിപ്പൂർ
18. അരൂർ
19. ആലത്തൂർ
20. കയ്പമംഗലം
21. തൃപ്പൂണിത്തുറ
22. ധർമ്മടം

കൂടാതെ മാനന്തവാടി, കൽപ്പറ്റ, കുറ്റിയാടി, കാഞ്ഞങ്ങാട്, നാട്ടിക, കളമശ്ശേരി, കുട്ടനാട്, തിരുവനന്തപുരം, ചടയമംഗലം, ഉടുമ്പൻചോല, തിരുവല്ല, ഉദുമ എന്നീ നിയോജക മണ്ഡലങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിൽ എം.എൽ.എ. ഫണ്ട് ലഭ്യമാണെന്ന് ബന്ധപ്പെട്ട ഹെഡ്മാസ്റ്റർമാർ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ